# അക്ഷയ ഗാർമെന്റ്സ്, മാണിയംപാടം,

# കൊപ്പം, പാലക്കാട് – 678 001

**വനജ.എസ്**
**അക്കൗണ്ടിങ്ങ് അസിസ്റ്റന്റ്**
**കുടുംബശ്രീ, പാലക്കാട്**

10 അംഗങ്ങൾ ചേർന്ന് 2000–ാമാണ്ടിൽ തുടങ്ങിയ യൂണിറ്റാണ് അക്ഷയ ഗാർമെന്റ്സ്. അതിൽ 6 പേർ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ഇന്ദിര, പൊന്നമ്മ, കുഞ്ഞുമോൾ ആൽഫ്രഡ്,അന്നമ്മ രാജു, പ്രേമ സുരേന്ദ്രൻ, സുശീല രാമചന്ദ്രൻ, എന്നിവരാണ് അംഗങ്ങൾ. പ്രസിഡന്റ് ഇന്ദിരയും സെക്രട്ടറി പൊന്നമ്മയുമാണ്.

ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ നിന്നും 2000–ൽ 2.50 ലക്ഷം രൂപ ലോണെടുത്താണ് ബിസിനസ് ആരംഭിച്ചത്. 2005–ൽ ലോൺ ക്ലോസ് ചെയ്തു. പിന്നീട് 2007–ൽ 1,50,000/– രൂപ ലോണെടുത്ത് 2009–ൽ ക്ലോസ് ചെയ്യുകയും, 2009–ൽ 1,50,000/– രൂപ ലോണെടുക്കുകയും 2012–ൽ ക്ലോസ് ചെയ്യുകയും 2012 ൽ വീണ്ടും 1,50,000/– രൂപ ലോണെടുത്ത് 2014 ൽ ക്ലോസ് ചെയ്യുകയും ചെയ്തു. 5 തയ്യൽ മെഷീനുകൾ നിലവിലുണ്ട്.

എല്ലാ മാസച്ചന്തയിലും പങ്കെടുക്കുന്ന ഗ്രൂപ്പാണ്. മണ്ണാർക്കാട്, പാലക്കാട് എന്നിവിടങ്ങളിലായുള്ള രണ്ട് മാസച്ചന്തകളിലും പങ്കെടുക്കുന്നവരാണ്. എല്ലാത്തരം തുണിത്തരങ്ങളും വിൽപ്പന നടത്തുന്നുണ്ട്. അറ്റൻഡൻസ് രജിസ്റ്ററും അക്കൗണ്ട്സ് ബുക്കുകളും എല്ലാം നല്ലരീതിയിൽ സൂക്ഷിക്കുന്നുണ്ട്. അംഗങ്ങൾ 250/– രൂപ ദിവസവേതന പ്രകാരം സ്വന്തം യൂണിറ്റിൽ തന്നെ വർക്ക് ചെയ്യുന്നു.

## ഗ്രൂപ്പ് നേരിടുന്ന പ്രശ്നങ്ങൾ

- ഈ ഗ്രൂപ്പ് മൊത്തമായി തുണിത്തരങ്ങൾ കോയമ്പുത്തൂരിൽ നിന്നും വിൽപ്പനാവശ്യത്തിലേക്കായി കൊണ്ടുവരികയാണ് ചെയ്യുന്നത്. എന്നാൽ ഒരിക്കൽ ചെക്ക് പോസ്റ്റിൽ പിടിക്കപ്പെടുകയും ഒരു ബണ്ടിലിന് 1500/– രൂപ പിഴ അടക്കണമെന്നും പറഞ്ഞതിനാൽ ഇപ്പോൾ പാലക്കാടിൽ നിന്നാണ് തുണിത്തരങ്ങൾ മൊത്തമായി എടുക്കുന്നത്. എന്നാൽ കോയമ്പുത്തൂരിൽ നിന്നും തുണിത്തരങ്ങൾ എടുക്കുകയാണെങ്കിൽ നല്ല ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ലഭ്യമാകുന്നുണ്ടെന്നും അവർ കടത്തിനാണ് തുണിത്തരങ്ങൾ നൽകുന്നതെന്നും ആയതിനാൽ അതുവഴി പലിശയില്ലാതെ തന്നെ, ലോണില്ലാതേയും തുണിത്തരങ്ങൾ ലഭ്യമാകുന്നുണ്ടെന്നും അറിയിച്ചു.
- പാലക്കാടിൽ നിന്നും തുണിത്തരങ്ങൾ എടുക്കുമ്പോൾ കൂടുതൽ തുകക്ക് കടം അനുവദിക്കുന്നില്ലെന്നും ആയതിനാൽ തുണിത്തരങ്ങൾ വേണ്ടപോലെ വാങ്ങുവാൻ കഴിയുന്നില്ലെന്നും അറിയിച്ചു.

### ഗ്രൂപ്പിന്റെ പ്രധാന ആവശ്യങ്ങൾ

- അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉത്പന്നങ്ങൾ കൊണ്ടുവരുമ്പോഴുണ്ടാകുന്ന ടാക്സ് ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ പ്രസ്തുത ഗ്രൂപ്പിന് കോയമ്പുത്തൂരിൽ

നിന്നും നല്ല ഗുണമേന്മയുള്ള തുണിത്തരങ്ങൾ കുറഞ്ഞ വിലക്ക്, പലിശയില്ലാതെ കടത്തിനായി ലഭ്യമാവുമായിരുന്നു.

- വിപണന കേന്ദ്രം തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിത്തരണമെന്ന് ആവശ്യപ്പെട്ടു.
- മാസച്ചന്ത സ്റ്റേഡിയം ബസ് സ്റ്റാൻഡിലാണ് നടത്തുന്നത്. മഴക്കാലത്ത് മാസച്ചന്ത നടത്തുന്ന സ്ഥലത്ത് വെള്ളം കെട്ടിനിൽക്കുന്നതിനാൽ ചന്തയിൽ കൂടുതൽ സാധനങ്ങൾ വെച്ച് വിൽപ്പന നടത്തുവാൻ ബുദ്ധിമുട്ടുണ്ടെന്നും അറിയിച്ചു.





വനജ.എസ്
അക്കൗണ്ടിങ്ങ് അസിസ്റ്റന്റ്

# <u>അമ്മൻ ക്ലോത്ത് യൂണിറ്റ്</u>
# <u>22/96, ശെൽവപാളയം</u>
# <u>പാലക്കാട്</u>

<u>വനജ.എസ്</u>
<u>അക്കൗണ്ടിങ്ങ് അസിസ്റ്റന്റ്</u>
<u>കുടുംബശ്രീ, പാലക്കാട്</u>

ആകെ 5 അംഗങ്ങളുള്ള ഈ യൂണിറ്റിൽ പ്രസിഡന്റ് അമൃതവല്ലി (അനുഗ്രഹ എൻ.എച്ച്.ജി), സെക്രട്ടറി ഉഷ (ഗോകുലം എൻ.എച്ച്.ജി) എന്നിവരാണ്. രേണുക, പുഷ്പാവതി, ഭാഗ്യം എന്നിവരാണ് മറ്റുള്ള അംഗങ്ങൾ. 2014 – ൽ യൂണിയൻ ബാങ്കിൽ നിന്നും 5,00,000/– രൂപ ലോണെടുത്താണ് പ്രസ്തുത യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. 2016 ൽ ലോൺ അടച്ചു കഴിഞ്ഞു. എല്ലാ തരത്തിലുള്ള തുണിത്തരങ്ങളും കച്ചവടത്തിനായി ഇറക്കുന്നുണ്ട്. പ്രധാന ഉദ്ദേശ്യം മാസച്ചന്തയിൽ പങ്കെടുക്കുക എന്നതാണ്. പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാൻഡിൽ എല്ലാ മാസവും നടത്തുന്ന മാസച്ചന്തകളിലെ സ്ഥിരം കച്ചവടക്കാരാണ്. വീട് വീടാന്തിരമായും തുണിത്തരങ്ങൾ വിൽപ്പന നടത്തുന്നുണ്ട്.

മാസച്ചന്തകളിലാണ് അവർക്ക് കൂടുതൽ ലാഭമുണ്ടാക്കുവാൻ കഴിയുന്നത്. വീടുകളിൽ നേരിട്ട് പോയി വിൽപ്പന നടത്തുന്നതിൽ കടം നൽകിയാണ് വിൽപ്പന നടത്തുന്നത്.

<u>ഗ്രൂപ്പിന്റെ പ്രധാന ആവശ്യങ്ങൾ</u>

- മാസച്ചന്ത സ്റ്റേഡിയം ബസ് സ്റ്റാൻഡിലാണ് നടത്തുന്നത്. മഴക്കാലത്ത് മാസച്ചന്ത നടത്തുന്ന സ്ഥലത്ത് വെള്ളം കെട്ടിനിൽക്കുന്നതിനാൽ ചന്തയിൽ കൂടുതൽ സാധനങ്ങൾ വെച്ച് വിൽപ്പന നടത്തുവാൻ ബുദ്ധിമുട്ടുണ്ടെന്നും അറിയിച്ചു.






വനജ.എസ്
അക്കൗണ്ടിങ്ങ് അസിസ്റ്റന്റ്